**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 26, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

നിയമന സ്തംഭനം

മി. സ്പീക്കർ : സംസ്ഥാനത്ത് പെൻഷൻ പ്രായം ഏകീകരിച്ചതോടെ ഇരുപതിനായിരത്തോളം പേർ വിരമിച്ച തസ്തികകളിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാമെന്ന ഉറപ്പ് പാലിക്കാത്തതിനാൽ നിയമന സ്തംഭനം സംജാതമായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.സി. വിഷ്ണുനാഥ്, സി.ടി. അഹമ്മദ് അലി, പി.സി. ജോർജ്, കെ.പി. മോഹനൻ, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2010 മാർച്ചിൽ റിട്ടയർ ചെയ്ത 18000 പേരിൽ 8000 പേർ അദ്ധ്യാപകരാണ്. അവരുടെ റിട്ടയർമെന്റ് തീയതി നേരത്തേതന്നെ ഏകീകരിച്ചതാണ്. ബാക്കി 10000-ത്തോളം വരുന്ന ഒഴിവുകൾക്കാണ് 6035 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. കേരളത്തിൽ ഒഴിവുകൾ നികത്തുന്നതിന് ശരാശരി രണ്ടുവർഷം വേണ്ടി വരുമെന്നാണ് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്. കഴിഞ്ഞ വർഷം 41000-ൽപ്പരം നിയമനങ്ങൾ പി.എസ്.സി. നടത്തിയിട്ടുണ്ട്. അതുകൊണ്ട് കേരളത്തിൽ ഒരു നിയമന സ്തംഭനവും ഉണ്ടായിട്ടില്ല. സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യത്തെ ആറുമാസം വരുന്ന ഒഴിവുകൾക്ക് ഒന്നാം ഘട്ടത്തിലും പിന്നീട് വരുന്ന ഒഴിവുകൾക്ക് രണ്ടാം ഘട്ടത്തിലും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അടുത്ത വർഷം മേയ് 31 വരെയാക്കി നീട്ടാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പി.സി. വിഷ്ണുനാഥ് : ജീവനക്കാരുടെ പെൻഷൻപ്രായം ഏകീകരണം പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികളെ പ്രതികൂലമായി ബാധിക്കുന്നതാണ്. വിവിധ സംഘടനകൾ ഇതിനെതിരെ പ്രതിഷേധങ്ങൾ ഉയർത്തിയപ്പോൾ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഇതിന് പരിഹാരം ഉണ്ടാക്കുമെന്നാണ് പറഞ്ഞത്. എന്നാൽ കഴിഞ്ഞ വർഷത്തെ റിട്ടയർമെന്റ് ഒഴിവുകൾക്ക് സമാന്തരമായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാനോ സൃഷ്ടിച്ച 6035 ഒഴിവുകളിൽപ്പോലും പൂർണ്ണമായി നിയമനം നടത്താനോ

സർക്കാരിന് കഴിഞ്ഞിട്ടില്ല. പി.എസ്.സി-യിൽനിന്നും അഡ്വൈസ് മെമ്മോ നൽകിയ കണക്ക് വച്ചാണ് 41000 പേർക്ക് നിയമനം നൽകിയെന്ന് അവകാശ പ്പെടുന്നത്. നിയമനം ലഭിച്ചവരുടെ കണക്ക് പരിശോധിക്കുമ്പോൾ ഇത് അവാസ്തവമാണെന്ന് മനസ്സിലാകും. പെൻഷൻപ്രായ ഏകീകരണം നടപ്പിലാ ക്കിയാൽ എൻട്രി കേഡറിൽ എപ്പോൾ ഒഴിവ് വരുമെന്ന് കാണിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകും. റാങ്ക് ലിസ്റ്റ് കാലാവധി നീട്ടിയതുകൊണ്ടോ ആന്റിസിപ്പേറ്റഡ് വേക്കൻസി ഒരുമിച്ച് റിപ്പോർട്ട് ചെയ്തതുകൊണ്ടോ അവർക്ക് നിയമനം ലഭിക്കുകയില്ല. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അധികാരം വകുപ്പ് അദ്ധ്യക്ഷൻമാർക്ക് വികേന്ദ്രീകരിച്ചു നൽകിയിട്ടുള്ളതി നാൽ നിയമനലഭ്യത വ്യക്തമാക്കുന്ന നോഡൽ സെല്ലിന്റെ ആവശ്യമില്ലെന്നു പറയുന്നു. നിലവിൽ നോഡൽ സെൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്ത മാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച പൊതുപെരുമാറ്റച്ചട്ടവും 2010-2011-ലെ പെൻഷൻപ്രായ ഏകീക രണവും കഴിയുമ്പോൾ പി.എസ്.സി.റാങ്ക് ലിസ്റ്റിലുള്ളവരുടെ നിയമനം നീണ്ടുപോകാനുള്ള സാദ്ധ്യതയുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u>: ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കുന്നതിലും കൃത്യമായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് റിപ്പോർട്ട് ചെയ്യുന്നതിലും കാലതാമസം വരുത്തിയാൽ പ്രൊമോഷൻ നൽകുന്നതിനും പ്രശ്നങ്ങളുണ്ടാകുമെന്നുള്ളത് ശരിയാണ്. കഴിഞ്ഞ വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള പോരായ്മകൾ നികത്തുന്നതിന് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടി

ക്കുന്നത് സംബന്ധിച്ച് സമഗ്രമായിട്ടുള്ള ഉത്തരവ് എത്രയും പെട്ടെന്ന് സർക്കാർ പുറത്തിറക്കുകയും സമയബന്ധിതമായി കാര്യങ്ങൾ നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി നോഡൽ സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : സാധാരണ രീതിയിൽ ഒരു വർഷം റിട്ടയർ ചെയ്യുന്നവരുടെ എണ്ണം 23000-ത്തിനും 25000-നും മധ്യേയാണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരുടെ എണ്ണം ഒഴിച്ച് ബാക്കിവരുന്ന 17000 പോസ്റ്റുകളിൽ 6035 പേർക്ക് മാത്രമേ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചിട്ടുള്ളൂ. പുതിയതായി പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ടെങ്കിലും പി.എസ്.സി.യിൽനിന്ന് അഡ്വൈസ് മെമ്മോ അയയ്ക്കണമെങ്കിൽ ഒഴിവ് വന്നതായി റിപ്പോർട്ട് ചെയ്തിരിക്കണം. സൂപ്പർന്യൂമററി തസ്തിക ക്രിയേറ്റ് ചെയ്തതുകൊണ്ട് പി.എസ്.സി.യിലേയ്ക്ക് ഒഴിവുണ്ടെന്ന് പറഞ്ഞ് ഒരു റിപ്പോർട്ട് അയയ്ക്കാൻ സാധിക്കുകയില്ല. റിട്ടയർമെന്റ് വേക്കൻസിയുടെ അടിസ്ഥാനത്തിൽ ഒരൊറ്റ ഒഴിവുപോലും ഏപ്രിൽ 1-ാം തീയതി വരെ റിപ്പോർട്ട് ചെയ്യാനോ നിയമനം നടത്താനോ സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷനും ഉദ്യോഗാർത്ഥികളുടെ നിയമനവും ഒരു വർഷംവരെ വൈകാനിടയാക്കുന്ന പ്രശ്നത്തിന് പരിഹാരം കാണണം.

<u>ഡോ. തോമസ് ഐസക്</u> : ഇതുസംബന്ധിച്ചുള്ള പ്രശ്നങ്ങൾ മനസ്സിലാക്കികൊണ്ട് അവ പരിഹരിക്കാൻ നടപടിയെടുക്കുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. പുതിയതായി നിയമിച്ചവർക്ക് തൃശൂരിലെ 'കില'യിൽ വച്ച്

പരിശീലന പരിപാടി നടത്തിയത് ഏപ്രിൽ 1-ന് മുമ്പ് നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്നതിന് തെളിവാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധക്ഷണിക്കൽ**

(1) മുല്ലപ്പെരിയാർ അണക്കെട്ട്

ശ്രീ. റോഷി അഗസ്റ്റിൻ : 114 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ട് ബലപ്പെടുത്തുകയും സുരക്ഷാസംവിധാനം കാര്യക്ഷമമാക്കുകയും ചെയ്യണം. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയം ജനങ്ങൾക്കിടയിൽ ആശങ്കയും പരിഭ്രാന്തിയും സൃഷ്ടിച്ചിരിക്കുകയാണ്. പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള സർക്കാരിന്റെ ശ്രമത്തിന് എല്ലാവരുടേയും പിന്തുണയുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ അണക്കെട്ടുകൾ തകർന്ന് പത്ത് ലക്ഷത്തിലധികം ആളുകൾ മരണമടഞ്ഞിട്ടുണ്ട്. വെള്ളപ്പൊക്കം, ഭൂചലനം, അണക്കെട്ടിന്റെ സമീപപ്രദേശത്തെ ഉരുൾപൊട്ടൽ, ചോർച്ച എന്നിവയാണ് മുല്ലപ്പെരിയാർ അണക്കെട്ട് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. ദുർബലമായ ഭൗമഘടനയോടുകൂടിയ സ്ഥലത്താണ് മുല്ലപ്പെരിയാർ അണക്കെട്ട് സ്ഥിതി ചെയ്യുന്നതെന്ന സെസ്സിന്റെ വിദഗ്ദ്ധ സമിതി റിപ്പോർട്ടും ബേബി ഡാം സ്ഥിതി ചെയ്യുന്നത് ഭ്രംശ മേഖലയിലാണെന്ന ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടും കണക്കിലെടുക്കേണ്ടതാണ്. ദുർബലമായ ഡാമിനടിയിലൂടെ ശക്തമായ ചോർച്ചയുണ്ടെന്ന വസ്തുതയും നിസ്സാരമല്ല. ഡാമിൽ പുതിയ ചോർച്ചകൾ ഉള്ളതായ ദുരന്തനിവാരണ സേനയുടെ കണ്ടെത്തൽ ആശങ്കകൾ ഉളവാക്കുന്നു. മറ്റു രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ കാലപ്പഴംചെന്ന ഡാമുകൾ ഡീ-കമ്മീഷൻ ചെയ്യാൻ ശ്രമിക്കണം.

അപകടകരമായ അവസ്ഥയിൽ പുതിയ ഡാം പണിയുന്നതുവരെ മുല്ലപ്പെരിയാർ ഡാം നിലനിർത്തണമോയെന്ന് സർക്കാർ ഗൗരവമായി ആലോചിക്കണം. ഡാമിന്റെ സുരക്ഷാക്രമീകരണങ്ങളിൽ വൻ പാളിച്ചയുണ്ടെന്നും കേന്ദ്ര ദുരന്തനിവാരണ സേന കണ്ടെത്തിയിട്ടുണ്ട്. അണക്കെട്ടിൽ കേരള പോലീസിന്റെ സുരക്ഷ അപര്യാപ്തമാണ്. അപായസൂചന നൽകാൻ സ്ഥാപിച്ച സൈറൺ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി നൽകണം. ദേശീയ സുരക്ഷാസേനയ്ക്ക് കീഴിലുള്ള ദുരന്തനിവാരണ സേന രൂപീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശം പാലിക്കപ്പെടണം. മുല്ലപ്പെരിയാറിൽ എത്തിച്ചേരുന്നതിന് വനത്തിലൂടെയുള്ള വഴിയിൽ ശക്തമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 1895-ൽ കമ്മീഷൻ ചെയ്ത മുല്ലപ്പെരിയാർ ഡാം 999 വർഷത്തെ പാട്ടവ്യവസ്ഥയിൽ തമിഴ്നാടിന് നൽകിയിട്ടുള്ളതിനാൽ അറ്റകുറ്റപ്പണിയും മേൽനോട്ടവും തമിഴ്നാട് സർക്കാരിലും സുരക്ഷ കേരള സർക്കാരിലും നിക്ഷിപ്തമാണ്. രാജ്യത്ത് അടിക്കടി ഉണ്ടാകുന്ന തീവ്രവാദ വിധ്വംസക പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ എല്ലാ സുപ്രധാന സ്ഥാപനങ്ങളിലേയും ഡാമുകളിലേയും സുരക്ഷ ശക്തമാക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം മുല്ലപ്പെരിയാർ ഡാമിനെ 'എ' കാറ്റഗറിയിൽപ്പെടുത്തി സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്. ദേശീയ ദുരന്തനിവാരണ സേനയുടെ നേതൃത്വത്തിൽ വണ്ടിപ്പെരിയാർ ഗവൺമെന്റ് ഹൈസ്ക്കൂളിൽ വച്ച് ദുരന്തനിവാരണ ബോധവൽക്കരണ ക്ലാസ് നടത്തിയിട്ടുണ്ട്. ഡാം സുരക്ഷയ്ക്കുവേണ്ടി നിയോഗിച്ചിട്ടുള്ള പോലീസ് ടീമിന് വാർത്താ വിനിമയ സൗകര്യങ്ങൾ ഏർപ്പെ

ടുത്തുകയും അപായമുന്നറിയിപ്പിനായി സ്ഥാപിച്ചിട്ടുള്ള സൈറൺ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഡാം റിസർവോയറിൽ ഒരു ബോട്ട് ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ നീരീക്ഷണത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഡാം സുരക്ഷാ പ്രവർത്തനങ്ങൾ സംബന്ധിച്ച മോണിറ്ററിംഗ് കൃത്യമായി നടക്കുന്നുണ്ട്. പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. ഗവിയിൽ നിന്നും തേക്കടിയിൽ നിന്നും വരുന്നവരെ നിരീക്ഷിക്കാൻ പോലീസ് സംവിധാനമുണ്ട്. വണ്ടിപ്പെരിയാറിൽ നിന്നും വനാന്തരങ്ങളിലൂടെ വരുന്നവരെ പരിശോധിക്കാൻ നിലവിലുള്ള സംവിധാനത്തിനു പുറമേ ആഭ്യന്തര വകുപ്പുമന്ത്രിയുമായും വനം വകുപ്പിലെ ബന്ധപ്പെട്ടവരുമായും ചർച്ചചെയ്തുകൊണ്ട് ആ മേഖലയിൽക്കൂടി പൂർണ്ണമായ സർവെയ്ലൻസ് ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പരിമിതമായ സൗകര്യങ്ങളിൽ നിന്നുകൊണ്ട് മെച്ചപ്പെട്ട സുരക്ഷാ സംവിധാനമാണ് കേരളാ പോലീസിന്റെ നേതൃത്വത്തിൽ ഡാം പരിസരത്ത് നടന്നുകൊണ്ടിരിക്കുന്നത്.

(2) <u>കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. വി.ജെ. തങ്കപ്പൻ</u>: കൈത്തറിമേഖലയിലെ ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് ലീവ് വിത്ത് വേജസ്, ഹോളിഡേ വേജസ്, ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിന് മാനേജുമെന്റ് ബാധ്യസ്ഥരാണ്. കൈത്തറി ഉൽപ്പന്നം വിറ്റുകിട്ടുന്ന ലാഭത്തിൽ നിന്നാണ് ഇവയൊക്കെ നൽകേണ്ടത്. എന്നാൽ ഒരു സംഘത്തിനും ലാഭത്തിൽ നിന്ന് ഇത്തരം ആനുകൂല്യങ്ങൾ നൽകാൻ

കഴിയുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പ്രസ്തുത വിഷയം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും 14 ലക്ഷം രൂപവീതം എല്ലാ ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾക്കും അനുവദിക്കുകയും ചെയ്തു. ഇനിയും എന്തെങ്കിലും സഹായം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ലെങ്കിൽ ഇൻഡസ്ട്രിയൽ സംഘങ്ങൾ പൂട്ടേണ്ട സാഹചര്യമുണ്ടാകും. കൈത്തറി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിനെയും ഇന്ററസ്റ്റ് സബ്സിഡി കൊടുക്കുന്നതിനെയുംകുറിച്ച് ഗവൺമെന്റ് ആലോചിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : കേരളത്തിലെ കൈത്തറി സഹകരണസംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത പ്രവർത്തന മൂലധനവും പലിശയും തിരിച്ചടയ്ക്കാൻ കഴിയാതെ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പ്രാഥമിക സംഘങ്ങളുടേയും അപ്പക്സ് സംഘങ്ങളുടേയും ബാങ്കിലെ കടബാദ്ധ്യതകൾ തീർക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 2500 കോടി രൂപയുടെ ഫിനാൻഷ്യൽ പാക്കേജിന്റെ ഭാഗമായി പ്രാഥമിക കൈത്തറിസംഘങ്ങളുടെ 361.15 കോടി രൂപയുടേയും അപ്പക്സ് സംഘങ്ങളുടെ 222.14 കോടി രൂപയുടേയും 31-3-2007 വരെയുള്ള കടബാദ്ധ്യതകൾ അടങ്ങുന്ന പ്രൊപ്പോസൽ സംസ്ഥാന സർക്കാർ നബാർഡിന് സമർപ്പിച്ചു. ഇതിൽ 75 ശതമാനം കേന്ദ്രവിഹിതവും 20 ശതമാനം സംസ്ഥാന വിഹിതവും 5 ശതമാനം സഹകരണബാങ്കിന്റെ വിഹിതവുമാണ്. ഇതിൽ സംസ്ഥാന വിഹിതം തരാൻ തയ്യാറാണെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കൈത്തറിമേഖലയിൽ മൂലധന ലഭ്യത മെച്ചപ്പെടുത്താൻ കൈത്തറിസംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം

നൽകുന്ന പദ്ധതിയും പീഡിത കൈത്തറിസംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതിയും നടത്തിവരുന്നു. ഒരു സംഘത്തിന് ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപ ഓഹരി പങ്കാളിത്തമായി നൽകുന്നു. പീഡിത കൈത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതിപ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറി നിയന്ത്രിത കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് കൂടാതെ കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മറ്റ് പദ്ധതികൾ വഴിയും സഹായങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. തൊഴിലാളികൾക്ക് മിനിമംകൂലി ഉറപ്പുവരുത്താൻ പ്ലാനിംഗ് ബോർഡ് അംഗീകരിച്ച ഇൻകം സപ്പോർട്ട് സ്കീം ഈ വർഷം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചു വരുന്നു.

**സബ്മിഷൻ**

(1) ഹെൽത്ത് റിസോർട്ട്

ശ്രീ. എ.കെ. ശശീന്ദ്രൻ: കോഴിക്കോട് പുറക്കാട്ടേരിയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ കീഴിൽ ഹെൽത്ത് റിസോർട്ട് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) പ്രസ്തുത സ്ഥലത്ത് റിസോർട്ട് നിർമ്മിക്കാൻ കഴിയുമോയെന്നുള്ളതിനെ സംബന്ധിച്ച് പരിശോധിക്കാൻ ഡിസ്ട്രിക്ട് കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മെഡിക്കൽ പി.ജി. സീറ്റുകൾ

ശ്രീ. എ.പി. അനിൽകുമാർ: എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മെഡിക്കൽ പി.ജി. കോഴ്സിനുള്ള അഡ്മിഷനിൽ സംവരണതത്വം അനുസരിച്ച് ആനുപാതികമായ സീറ്റുകൾ നൽകാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : ആകെ പി.ജി. സീറ്റുകളുടെ 10 ശതമാനം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൊടുക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം അലോട്ട്മെന്റ് നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ച തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ 30-6-2010-ന് റീ-കൗൺസിലിംഗ് നടത്തി എസ്.സി./എസ്.ടി. വിഭാഗത്തിന് ആകെ സീറ്റിന്റെ 10 ശതമാനം കണക്കാക്കി 25 ഡിഗ്രിയും 12 ഡിപ്ലോമയും ഉൾപ്പെടെ 37 സീറ്റുകൾ മാറ്റിവച്ചുവെങ്കിലും പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഓപ്ഷൻ നൽകാത്തതിനാൽ 22 സീറ്റുകൾ കൊടുക്കാൻ സാധിച്ചിട്ടില്ല. 13 സീറ്റുകൾ എസ്.സി/എസ്.ടി. വിഭാഗത്തിന് സർജറി, ഗൈനക്കോളജി തുടങ്ങി ക്ലിനിക്കൽ വിഭാഗത്തിൽ കൊടുത്തിട്ടുണ്ട്; ബാക്കി യുള്ളത് മാത്രമേ നോൺ ക്ലിനിക്കൽ വിഭാഗത്തിൽ വന്നിട്ടുള്ളൂ.

(3) മരുന്നുവ്യാപാര രംഗത്തെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ

ശ്രീ. വി.എസ്. സുനിൽകുമാർ: മരുന്ന് വ്യാപാരി സംഘടനകൾ നടത്തിവരുന്ന നിയമവിരുദ്ധവും അനധികൃതവുമായ പ്രവർത്തനങ്ങൾക്കെ തിരെ കർശന നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : സ്വകാര്യമേഖലയിലെ മരുന്നുവ്യാപാരരംഗത്ത് നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നുവന്നതിന്റെ പശ്ചാത്തലത്തിലാണ് ഗവൺമെന്റ് ഡ്രഗ്സ് കൺട്രോൾ മുഖേന ശക്തമായ നടപടികൾ സ്വീകരിച്ചത്. വ്യക്തികളുടെ വെൽഫെയറിനുവേണ്ടി പ്രവർത്തിക്കേണ്ട എ.കെ.സി.ഡി.എ. എന്ന സംഘടന നിയമവിരുദ്ധമായോ അനധികൃതമായോ മരുന്നുവ്യാപാര രംഗത്ത് ഇടപെട്ടാൽ സെക്ഷൻ 18 പ്രകാരം കർശനനടപടി സ്വീകരിക്കുന്നതാണ്.

(4) പി.എച്ച്.സി., സി.എച്ച്.സി.യായി ഉയർത്താൻ നടപടി

ശ്രീ. വി. ചെന്താമരാക്ഷൻ: പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് പി. എച്ച്.സി.-യിൽ ആവശ്യമായ ഡോക്ടർമാരെ നിയമിച്ചും കിടത്തി ചികിൽസ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയും സി.എച്ച്.സി. ആയി ഉയർത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : കൊല്ലങ്കോട് പി.എച്ച്.സി.-യിൽ സിവിൽ സർജൻ, അസിസ്റ്റന്റ് സർജൻ, കമ്പൽസറി റൂറൽ സർവ്വീസിലുള്ള ഡോക്ടർ ഉൾപ്പെടെ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി കൊല്ലങ്കോട് പി.എച്ച്.സി.-യെ പ്രവർത്തനക്ഷമമാക്കുന്നതാണ്.

(5) പ്രാദേശിക വികസന ഫണ്ട്

പ്രൊഫ. എൻ. ജയരാജ്: എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സ്റ്റിമുലസ് പാക്കേജിന്റെയും വിഷൻ 2010–ന്റേയും ഭാഗമായി എം.എൽ.എ.–മാർക്ക് ധാരാളം പരിഗണന നൽകിയിട്ടുണ്ട്. ബഡ്ജറ്റ് പ്ലാൻഫണ്ട് അംഗീകരിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കുന്നതിന് നിർവ്വാഹമില്ല.

(6) കുറുമ്പൻ ദൈവത്താൻ, കണ്ഠൻ കുമാരൻ എന്നിവരുടെ സ്മാരകങ്ങൾ

ശ്രീ. കെ.സി. രാജഗോപാലൻ: സാമൂഹ്യപ്രവർത്തകരായിരുന്ന കുറുമ്പൻ ദൈവത്താൻ, കണ്ഠൻ കുമാരൻ എന്നിവർ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം സ്മാരകമായി സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): തിരുവിതാംകൂറിലെ സാമൂഹ്യ പരിഷ്ക്കർത്താക്കളായിരുന്നതും അധ:സ്ഥിതരുടെ ഉന്നമനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ഒട്ടേറെ പോരാട്ടങ്ങളും ഇടപെടലുകളും നടത്തിയിട്ടുള്ളവരും ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായി നോമിനേറ്റ് ചെയ്യപ്പെട്ടിരുന്നവരുമായ കുറുമ്പൻ ദൈവത്താൻ, കണ്ഠൻ കുമാരൻ എന്നിവർ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം സ്മാരകമായി സംരക്ഷിക്കുന്നതിന് സാംസ്ക്കാരികവകുപ്പ് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

(7) കരമന–കളിയിക്കാവിള നാഷണൽ ഹൈവേയിലെ അപകടങ്ങൾ

ശ്രീ. എൻ. ശക്തൻ: കരമന മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാത നാലുവരിപ്പാതയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പ്രസ്തുത റോഡിൽ നിത്യേന ഉണ്ടാകുന്ന

റോഡപകടങ്ങൾ ഒഴിവാക്കുന്നതിനും 42 ബസ്ബേകൾ നിർമ്മിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കരമന മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാത നാലുവരിപ്പാതയാക്കുന്നതിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ കരമന മുതൽ വഴിമുക്ക് വരെയുള്ള വർക്കിന് 100 കോടി രൂപയുടെ അംഗീകാരവും റോഡപകടങ്ങൾ ഒഴിവാക്കാൻ താൽക്കാലിക പരിഹാരമായി 21 ബസ്ബേകളുടെ നിർമ്മാണത്തിന് 4.9 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(8) ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോപ്‌വേ നിർമ്മാണം

ശ്രീ. ബി.ഡി. ദേവസ്സി: തുമ്പൂർമൂഴി, ഏഴാറ്റുമുഖം ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരു റോപ്‌വേ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇറിഗേഷൻ വകുപ്പും ടൂറിസം വകുപ്പും സംയുക്തമായി ചർച്ച ചെയ്ത് തുമ്പൂർമൂഴി, ഏഴാറ്റുമുഖം ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോപ്‌വേ നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) സഹ്‌ല ഷഹീന പ്ലസ് ടു പരീക്ഷയിൽ തോൽക്കാനിടയായ സാഹചര്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: പാലക്കാട് ജില്ലയിലെ പി.ടി.എം ഹയർ സെക്കണ്ടറി സ്ക്കൂൾ വിദ്യാർത്ഥിനി സഹ്‌ല ഷഹീന പ്ലസ് ടു പരീക്ഷയിൽ കണക്ക് വിഷയത്തിന് തോൽക്കാനിടയായ സംഭവവും റീ-വാല്യുവേഷനിൽ നടന്ന ക്രമക്കേടും സംബന്ധിച്ച് അന്വേഷിച്ച്

ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുകയും വിദ്യാർത്ഥി നിക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുകയും വേണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷിക്കാൻ ഹയർ സെക്കണ്ടറി ഡയറക്ടർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാ നത്തിൽ കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും സഹ്ല ഷഹീനക്ക് പ്ലസ് ടൂ പരീക്ഷയിൽ കണക്ക് വിഷയത്തിൽ തെറ്റായി ലഭിച്ച മാർക്ക് പരിഹരിച്ചുകിട്ടുന്നതിനും വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ നേരിട്ട് ഇടപെട്ട് ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്ന താണ്.

(10) മദ്യവിൽപ്പനശാല മാറ്റേണ്ടതിന്റെ ആവശ്യകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: കുട്ടനല്ലൂർ ഗവൺമെന്റ് കോളേജി നടുത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള വിദേശ മദ്യഷാപ്പ് മാറ്റിസ്ഥാപിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ 15-06-2010-ലെ ഉത്തരവ് നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): നിലവിലുള്ള അബ്കാരി ഷാപ്പ് ഡിസ്പോസൽ റൂൾ പ്രകാരം മദ്യഷാപ്പ് സ്ഥാപിക്കുന്നതിനുള്ള ദൂരപരിധി പാലിച്ചുകൊണ്ട് കെ.എസ്.ബി.സി.-യുടെ കീഴിൽ കുട്ടനല്ലൂരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മദ്യഷാപ്പ് മാറ്റിസ്ഥാപി

ക്കുന്നതുമായി ബന്ധപ്പെട്ട എക്സൈസ് കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

(11) <u>സെറ്റ് പരീക്ഷയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന നെഗറ്റീവ് മാർക്ക്</u>

<u>ശ്രീ. പി. ടി. എ. റഹീം</u> : നാഷണൽ എലിജിബിലിറ്റി ടെസ്റ്റിന് മൈനസ് മാർക്കില്ല. എന്നാൽ സെറ്റ് പരീക്ഷയ്ക്ക് മൈനസ് മാർക്ക് രേഖപ്പെടുത്തിയ തിനാൽ ആറ് ശതമാനത്തിൽത്താഴെ കുട്ടികൾ മാത്രമേ പാസ്സായിട്ടുള്ളൂ. അര മാർക്ക് കുറഞ്ഞ കുട്ടികളെക്കൂടി വിജയിച്ചതായി കണക്കാക്കാനാവശ്യ മായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി)</u> : ഇത്തവണ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ചർച്ചയുടേയും വിദഗ്ദ്ധ പരിശോധനയുടേയും അടിസ്ഥാനത്തിൽ പുതിയ രീതിയിൽ പരീക്ഷ നടത്തി യപ്പോഴാണ് അര മാർക്കിന്റെ പ്രശ്നം സംഭവിച്ചത്. ഹയർ എഡ്യുക്കേഷൻ കൗൺസിൽ, യൂണിവേഴ്സിറ്റി വൈസ്ചാൻസലർമാർ, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഇക്കാര്യത്തിൽ ദീർഘകാലാടിസ്ഥാന ത്തിൽ എങ്ങനെ പരിഹാരം കണ്ടെത്താൻ കഴിയുമെന്നും പരീക്ഷാ നട ത്തിപ്പിൽ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോ എന്നും പരിശോധന നടത്തുന്ന ഘട്ടത്തിൽ ഇക്കാര്യംകൂടി പരിഗണിക്കുന്നതാണ്. അടിയന്തിര മായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്നതുകൂടി പരിശോധിക്കുന്നതാണ്.

(12) <u>കമലാക്ഷിയുടെ തിരോധാനം</u>

<u>ശ്രീ. സി. കെ. പി. പത്മനാഭൻ</u> : തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ മയ്യിൽ എന്ന സ്ഥലത്ത് കമലാക്ഷിയുടെ തിരോധാനത്തെക്കുറിച്ച്

അന്വേഷണം നടത്തി യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തി സത്യാവസ്ഥ പുറത്തുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : 02-05-2010-ൽ വീടിനടുത്തുള്ള കരിങ്കൽ ക്വാറിക്കുസമീപം കുറ്റിക്കാട്ടിൽ ആൾമറയില്ലാത്ത കിണറ്റിനുള്ളിൽ ജീർണ്ണിച്ച നിലയിൽ കമലാക്ഷിയുടെ മൃതദേഹം കാണപ്പെടുകയുണ്ടായി. ഇതിന്റെ ഇൻക്വസ്റ്റ് നടത്തി കേസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മൃതദേഹം കാണപ്പെട്ട കിണറിനടുത്തുനിന്നും പേഴ്സും കുടുംബശ്രീ പാസ്ബുക്കും കണ്ടെടുക്കുകയുണ്ടായി. കമലാക്ഷിയെ ആരെങ്കിലും അപായപ്പെടുത്തിയ താണോ എന്നത് സംബന്ധിച്ച് കണ്ണൂർ ഡിവൈ. എസ്. പി.-യുടെ നേതൃത്വ ത്തിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. കേസ്സിന്റെ പുരോഗതി വിലയിരുത്തി ആവശ്യമെങ്കിൽ ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കു ന്നതാണ്.

(13) മുഖ്യമന്ത്രി നടത്തിയ പ്രസ്താവന

ശ്രീ. കെ. ബാബു : പോപ്പുലർ ഫ്രണ്ടിനും മറ്റ് തീവ്രവാദ സംഘടന കൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനുപകരം മുസ്ലീം സമുദായത്തെ ഒന്നടങ്കം അപകീർത്തിപ്പെടുത്തുന്നതും അവഹേളിക്കുന്നതു മായ രീതിയിൽ മുഖ്യമന്ത്രി ഡെൽഹിയിൽ നടത്തിയ പ്രസ്താവന ന്യൂനപക്ഷ സമുദായങ്ങളിൽ ഭയാശങ്കകൾ ഉണ്ടാക്കിയിരിക്കുകയാണ്. വിവിധ സമൂഹങ്ങൾ ഒന്നിച്ചുജീവിക്കുകയും സുഖദു:ഖങ്ങൾ പങ്കുവയ്ക്കു കയും ചെയ്യുന്ന കേരളത്തിൽ സ്പർദ്ധയും അവിശ്വാസവും വർദ്ധിപ്പിക്കാൻ മാത്രമേ ഈ പ്രസ്താവനകൊണ്ട് കഴിയുകയുള്ളൂ. ഇത് വളരെ ദൗർഭാഗ്യകര

മായ സംഭവമായതിനാൽ മുഖ്യമന്ത്രി ഖേദം പ്രകടിപ്പിക്കണമെന്നാവശ്യപ്പെടുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് തീവ്രവാദസംഘടനകളോട് സ്വീകരിച്ച മുൻസമീപനമാണ് കേരളത്തിൽ തീവ്രവാദപ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാനിടയായത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഡെൽഹിയിൽ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായി പോപ്പുലർ ഫ്രണ്ടിന്റെ വിധ്വംസകപ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ മുസ്ലീം സമുദായത്തെ ആക്ഷേപിക്കുന്നതാണെന്ന വ്യാഖ്യാനം ആസൂത്രിതമായി തെറ്റിദ്ധാരണ പരത്തുന്നതാണ്. എൻ.ഡി.എഫ്., പോപ്പുലർ ഫ്രണ്ട്, എസ്.ഡി.പി.ഐ. തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന വിധ്വംസക സംഘടന നടത്തുന്ന ക്ലാസ്സുകളേയും പ്രചരണങ്ങളേയും സംബന്ധിച്ച് ലഭ്യമായ വിവരങ്ങളാണ് സൂചിപ്പിച്ചത്. വർഗ്ഗീയത ഇളക്കിവിട്ട് കുഴപ്പങ്ങളുണ്ടാക്കുക, മതസൗഹാർദ്ദവും സമാധാനാന്തരീക്ഷവും തകർക്കുക എന്ന ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ജനദ്രോഹപ്രസ്ഥാനമാണിത്. ഇവർ മുസ്ലീം സമുദായത്തിന്റെ വക്താക്കളോ, സമുദായത്തെ പ്രതിനിധാനം ചെയ്യുന്ന സംഘടനയോ അല്ല. മതത്തിന്റെ പേരിൽ വൈകാരികപ്രചരണം നടത്തി പ്രശ്നങ്ങളുണ്ടാക്കുന്നത് അങ്ങേയറ്റം ആപത്ക്കരമാണ്. ആർ. എസ്. എസ്., ബജ്റംഗ്ദൾ തുടങ്ങിയ തീവ്രവാദശക്തികൾ നടത്തുന്ന ഹിന്ദുരാഷ്ട്ര പ്രചരണത്തിന് ബദൽ പ്രചരണവും ബദൽ വിചാരസൃഷ്ടിയുമാണ് പോപ്പുലർ ഫ്രണ്ടിനെപ്പോലെയുള്ളവരുടെ ലക്ഷ്യം. അതിനെ വിമർശിക്കുകയും തുറന്നുകാണിക്കുകയും ചെയ്യുന്നതിനെ ദുർവ്യാഖ്യാനം ചെയ്യുന്നത് വർഗ്ഗീയലക്ഷ്യത്തോടെയാണ്. മുസ്ലീം സമുദായത്തിന്റെ പേരുപറഞ്ഞ് ചെറിയൊരു വിധ്വംസക ഗ്രൂപ്പ് നടത്തുന്ന ആപത്ക്കരമായ പ്രവർത്തനങ്ങളെ

തുറന്നുകാണിക്കുമ്പോൾ അതിനെ എതിർക്കുന്നത് ശരിയായ സമീപനമല്ല. കേന്ദ്രത്തിൽ സംഘ്പരിവാർ നടത്തുന്ന കൊലപാതകത്തിന്റെ മറ്റൊരു പതിപ്പാണ് എൻ.ഡി.എഫ്.-ഉം പോപ്പുലർ ഫ്രണ്ടും സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. അത്തരം പ്രവർത്തനങ്ങളെ കേരളത്തിൽ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഈ ഗവൺമെന്റിന്റെ ശ്രമത്തിന് പ്രതിപക്ഷ ത്തിന്റെ പൂർണ്ണപിന്തുണയുണ്ടാകണം.

(14) അട്ടപ്പാടിയിലെ ഭൂമി ഇടപാട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അട്ടപ്പാടിയിലെ ഭൂമി തട്ടിപ്പിനെക്കുറിച്ച് ജില്ലാകളക്ടറെക്കൊണ്ട് അന്വേഷിപ്പിക്കണം. ആദിവാസികളെ കബളിപ്പിച്ച് അട്ടപ്പാടിയിലെ 6 വില്ലേജ് ആഫീസുകൾ കേന്ദ്രീകരിച്ച് ഭൂ മാഫിയ നടത്തിക്കൊണ്ടിരിക്കുന്ന തട്ടിപ്പുകൾ പരിശോധിക്കണം. ആദിവാസികളുടെ ഭൂമി അനധികൃതമായി കൈമാറ്റം ചെയ്ത് ആധാരങ്ങൾ നടത്തിയതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തി ഭൂമി തിരിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : അട്ടപ്പാടിയിലെ ഭൂമി തിരിമറിയുമായി ബന്ധപ്പെട്ട വിഷയം 07-05-2010-ൽ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ ജില്ലാകളക്ടർക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് പരിശോധി ക്കാൻ ഒറ്റപ്പാലം ആർ.ഡി.ഒ-യ്ക്ക് 07-06-2010-ന് നിർദ്ദേശം കൊടുത്തതി നെത്തുടർന്ന് 03-07-2010, 09-07-2010, 22-07-2010 എന്നീ തീയതികളിൽ തെളിവെടുപ്പ് നടത്തി 24-7-2010-ന് പാലക്കാട് ജില്ലാകളക്ടർ ഗവൺമെന്റിന്

നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എടുക്കുന്ന തീരുമാനം 28-07-2010-ലെ മന്ത്രിസഭായോഗത്തിനുശേഷം സഭയെ അറിയിക്കുന്നതാണ്. ആദിവാസികൾക്ക് ഭൂമി നഷ്ടപ്പെട്ടതിന് ഉത്തരവാദിയായിട്ടുള്ളവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഇതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനും ആദിവാസികളെ കബളിപ്പിച്ച് ഭൂമി കൈവശപ്പെടുത്തി അവിടെ നടത്തുന്ന എല്ലാവിധത്തിലുള്ള നടപടികളും നിർത്തിവയ്പ്പിക്കാനും നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള റിപ്പോർട്ട് 28-07-2010-ലെ മന്ത്രിസഭായോഗത്തിൽ ചർച്ചചെയ്ത് സമഗ്രമായ അന്വേഷണം ആവശ്യമെങ്കിൽ നടത്താനും നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചുപിടിക്കുന്നതിനും കുറ്റവാളികളുടെ പേരിൽ കർശന നടപടിയെടുക്കുന്നതിനും ഗവണ്മെന്റ് തയ്യാറാകണം.

## നിയമനിർമ്മാണം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ധനകാര്യബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2010-ലെ കേരള ധനകാര്യബില്ലിൽ ധാരാളം അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നികുതിവരുമാനം കുറഞ്ഞിരിക്കുകയാണ്. 1959-ലെ കേരള മുദ്രപ്പത്രം ആക്ടിലെ 30-ാം വകുപ്പിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയിലൂടെ മുദ്രവിലയിന്മേൽ സർച്ചാർജ് ചുമത്തുവാനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം എടുത്തുകളഞ്ഞിരിക്കുകയാണ്. പഞ്ചായത്ത് രാജ് ആക്റ്റിനെപോലും മറികടന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന ഭേദഗതിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാൻഡേറ്ററിയായിട്ടുള്ള അധികാരം കവർന്നെടുത്ത് ആ പണം കൂടി സർക്കാരിന്റെ ഖജനാവിലേയ്ക്ക് കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. പഞ്ചായത്തുകളുടെ അധികാരം നിലനിർത്തിക്കൊണ്ട് അഞ്ചുശതമാനം സർച്ചാർജ് എന്നത് 10 ശതമാനം വരെ വർദ്ധിപ്പിച്ച് ഓരോ കൊല്ലത്തേയും സ്ഥിതി നോക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാൻ തീരുമാനിക്കണം. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡിസ്ക്രീഷണറി പവർ എടുത്തുകളയുകയാണുണ്ടായിട്ടുള്ളത്. 13000 കിലോമീറ്റർ റോഡുകളുടെ മെയിന്റനൻസ് പഞ്ചായത്തുകളെ ഏൽപ്പിച്ചെങ്കിലും ഗ്രാന്റ് വർദ്ധിപ്പിച്ചില്ല. പി.എം.ജി.എസ്.വൈ റോഡുകൾക്കുള്ള ഇലക്ട്രിക് പോസ്റ്റും മറ്റും പൊളിച്ചു മാറ്റുന്നതിനുള്ള ചെലവുകളും എസ്.എസ്.എ. പദ്ധതിയും പഞ്ചായത്തിന്റെ

ചുമതലയിൽ കൊണ്ടുവന്നത് അവരുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കും. പട്ടികയിലെ ക്രമനമ്പർ 21-ലെ രജിസ്ട്രേഷന് മര്യാദവില ഏർപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി അശാസ്ത്രീയവും സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമാണ്. പഞ്ചായത്തുകളിൽ കൊണ്ടുവന്ന ബിൽഡിംഗ് റൂൾസിൽ സാധാരണക്കാരായ ആളുകൾക്കുകൂടി സഹായകരമായ രീതിയിൽ മാറ്റം വരുത്തണം. ബിയറിന്റെ ടാക്സ് 60 ശതമാനത്തിൽ നിന്ന് 50 ശതമാനമാക്കി കുറച്ച് ബിയർ മാനുഫാക്ച്ചേഴ്സിനെ സഹായിക്കുന്നതിനു പകരം ബിയറിന്റെ വില കുറയ്ക്കാൻ നടപടി സ്വീകരിക്കണം. ബിയറിന്റെ വില നിശ്ചയിക്കുന്നതിന് മാക്സിമം കോസ്റ്റും ലാഭവും കാൽക്കുലേറ്റ് ചെയ്ത് മാക്സിമം പ്രൈസ് കണക്കാക്കി ടെണ്ടർ വിളിക്കണം. കേന്ദ്ര ഗവൺമെന്റ് പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചുവെന്ന് പറയുന്നത് ശരിയല്ല. 2008-ൽ കേന്ദ്ര ഗവൺമെന്റ് പെട്രോളിനും ഡീസലിനും ടാക്സ് കുറച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് വില കുറച്ചില്ല എന്നുമാത്രമല്ല 2009 ഫെബ്രുവരി മാസത്തിൽ പെട്രോളിന് 2.98 ശതമാനവും ഡീസലിന് 2.20 ശതമാനവും വില വർദ്ധിപ്പിക്കുകയും ചെയ്തു. ഇൻഡ്യാരാജ്യത്ത് ഡീസലിന് ഏറ്റവും കൂടുതൽ ടാക്സുള്ളത് കേരളത്തിലാണ്. വിലവർദ്ധനവ് നേരിടാൻ ടാക്സ് കുറയ്ക്കുകയാണ് ചെയ്യേണ്ടത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഒരു ശതമാനം സെസ്സും പത്ത് ശതമാനം സർചാർജ്ജും കൊണ്ടുവന്നത്. സാധാരണക്കാരെ ദ്രോഹിക്കുന്ന നയമാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ.കെ.ബാബു: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ടാക്സ് വർദ്ധിച്ചെങ്കിലും നികുതി വരുമാന വർദ്ധനവിന്റെ ശതമാനം

കുറഞ്ഞിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന വാറ്റ് നികുതി സംസ്ഥാനങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതാണ്. നികുതിവരുമാനത്തിന്റെ മുഖ്യസ്രോതസ്സായ കെ.ജി.എസ്.ടി.-യുടെ അസ്സെസ്സ്മെന്റ് പൂർത്തിയാക്കുന്നതിനും വാറ്റ് മാനുവൽ പുതുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം. ജാറിൽ പാക്ക് ചെയ്തുവരുന്ന വെള്ളത്തിന് ടാക്സ് ഒഴിവാക്കിക്കൊടുക്കണം. ട്രൈബ്യൂണലിന്റെ എണ്ണം വർദ്ധിപ്പിച്ച് അപ്പീൽ സ്റ്റേജ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം. നികുതി ഉപക്ഷിച്ച് പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകണം. സെൽഫ് അസസ്മെന്റിനുപകരം ഇൻഫ്ളേറ്റഡ് ഡിമാൻഡിലൂടെ ടാക്സ് ഡിമാൻഡ് ചെയ്താൽ സർക്കാരിന് കൂടുതൽ ബാധ്യത ഉണ്ടാകും. മാത്രമല്ല ഡിമാന്റിന്റെ 50 ശതമാനം തുക കെട്ടിവച്ചാൽ മാത്രമേ വ്യാപാരികൾക്ക് സ്റ്റേ കിട്ടുകയുള്ളൂ; കോർട്ട് ഫീ ഇനത്തിലും നഷ്ടം ഉണ്ടാകും. ലാൻഡ് അക്വിസിഷൻ വൈകുന്നതുകാരണം ഇപ്പോൾ എ.എസ്. കൊടുക്കുന്ന വർക്കുകൾക്ക് അടുത്തകാലത്ത് പണം കൊടുക്കേണ്ടിവരികയില്ല. വില വർദ്ധനവ് അടിസ്ഥാനപരമായി ശരിയാണെങ്കിൽ അതിനനുസരിച്ച് ടാക്സിന്റെ കാര്യത്തിലും വർദ്ധനവുണ്ടാകും. ലോട്ടറി നികുതി ഇനത്തിൽ 9287 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ടാക്സേഷൻ വകുപ്പിലെ അഴിമതി അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. 1998-ലെ ലോട്ടറി നിയമത്തിൽ വന്ന ഭേദഗതി കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. സിക്കിം ലോട്ടറിയുടെ ടാക്സ് സംസ്ഥാനത്ത് പിരിക്കുന്നത് സംബന്ധിച്ച് വ്യക്തമാക്കണം. സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന ഒറ്റ നമ്പർ ലോട്ടറി നിരോധിക്കുന്നതിന് നടപടി സ്വീകരിക്കണം.

സംസ്ഥാനത്തെ ബിൽഡർമാർ വാറ്റ് രജിസ്ട്രേഷൻ നടത്തുകയും അന്യസംസ്ഥാന ബിൽഡർമാർ മൂല്യവർദ്ധിത നികുതി രജിസ്ട്രേഷൻ നടത്താതിരിക്കുകയും ചെയ്യുന്നത് ഗൗരവമായി പരിശോധിക്കണം. പവർ ഓഫ് അറ്റോർണി കൊടുക്കുമ്പോൾ അടയ്ക്കുന്ന 7.5 ശതമാനം ടാക്സിനു പുറമേ രജിസ്ട്രേഷൻ നടക്കുമ്പോൾ വീണ്ടും ടാക്സ് അടയ്ക്കുന്നതിന് മാറ്റം വരുത്തണം. വാറ്റ് നിയമപ്രകാരവും കേന്ദ്രവിൽപ്പന നികുതി നിയമ പ്രകാരവും രജിസ്ട്രേഷനുള്ള ഒരു കരാർ പണിക്കാരനിൽ നിന്നും 8 ശത മാനം നികുതി ആവശ്യപ്പെട്ടത് ശരിയല്ലെന്ന വാർത്ത സംബന്ധിച്ച് പരിശോധി ക്കണം. ആഡിറ്റും റീ-ഫണ്ടും പ്രോംപ്റ്റ് ആക്കുന്നതിനുള്ള നടപടി സ്വീകരി ക്കണം. രജിസ്റ്റേർഡ് ബ്രാൻഡുള്ള ബേക്കേഴ്സ് അസോസിയേഷനിൽ നിന്നും അര ശതമാനം ടാക്സ് ഈടാക്കണം; ഇത് ബേക്കറി വ്യവസായ മേഖലയിലെ തൊഴിലാളികളെ സഹായിക്കുന്നതിന് ഉപകരിക്കും.

<u>പ്രൊഫ. എൻ. ജയരാജ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയമം മുഖേന നൽകിയിട്ടുള്ള അധികാര ങ്ങൾ തിരിച്ചെടുക്കുകയും ഗവൺമെന്റിന്റെ താൽപര്യം അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനാഗമമാർഗ്ഗങ്ങൾ നിശ്ചയിക്കുകയും ചെയ്യുന്ന നിർദ്ദേശം പിൻവലിക്കണം. സുതാര്യത ഉറപ്പാക്കിക്കൊണ്ടുള്ള നികുതി നിർദ്ദേശങ്ങൾ നടപ്പാക്കണം. പായ്ക്ക് ചെയ്തു വിൽക്കുന്ന കുടിവെള്ളത്തിന് നികുതി ഏർപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കണം. ഇൻഡസ്ട്രിയൽ പർപ്പസിനും കൃഷി ആവശ്യത്തിനും സർജിക്കൽ പർപ്പസ്സി നുമുള്ള ഗ്ലൗസുകൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി ഏർപ്പെടുത്തുന്നത് യുക്തിസഹമല്ല. ഗ്ലൗസുകൾക്ക് സമാനനികുതി ഈടാക്കണം. ഉപഭോക്താ

ക്കളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇമ്പോർട്ടഡ് ഷുഗറിന് ഏർപ്പെടുത്തിയ പന്ത്രണ്ടര ശതമാനം നികുതി പിൻവലിക്കണം. അപ്പീൽ അധികാരം സംബന്ധിച്ച് പുതിയ ബില്ലിലെ നിലവിലുള്ള നിർദ്ദേശപ്രകാരം ഡെപ്യൂട്ടി കമ്മീഷണർക്കൊപ്പം അസിസ്റ്റന്റ് കമ്മീഷണർക്കും അധികാരം നൽകിയിരിക്കുന്നത് പുന:പരിശോധിക്കണം. വ്യാപാരിയുടേതല്ലാത്ത തെറ്റ് കൊണ്ടുണ്ടാകുന്ന കാര്യങ്ങൾക്ക് അപ്പീൽ കൊടുക്കുമ്പോൾ വ്യാപാരിക്കനുകൂലമായി വിധി ഉണ്ടായാൽ ഓരോ സ്റ്റേജിലും അഞ്ച് ശതമാനംവച്ച് അധിക സ്റ്റാമ്പ് ഡ്യൂട്ടി അടച്ചത് സെറ്റ് ഓഫ് ചെയ്യുകയോ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്യണം. ഡി. ടി. എച്ച്.-ന് രണ്ട് ശതമാനം നികുതി ഏർപ്പെടുത്തിയത് പിൻവലിക്കണം. എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കണം. കൈകൊണ്ടുണ്ടാക്കുന്ന സോപ്പിന് 2008-09-ൽ 2 കോടി രൂപയിൽക്കൂടുതൽ ടേണോവർ ഉള്ള കച്ചവടക്കാർക്കുള്ള നികുതി 4 ശതമാനത്തിൽ നിന്ന് 12.5 ശതമാനമായി വർദ്ധിപ്പിച്ചപ്പോൾ പല കച്ചവടക്കാരും പുതിയ രജിസ്ട്രേഷനുണ്ടാക്കി ടേണോവർ 2 കോടി രൂപയിൽ നിന്ന് താഴ്ത്തിയെങ്കിലും അതറിയാത്ത ആളുകൾ 12.5 ശതമാനം നികുതിവച്ച് അടയ്ക്കേണ്ട സ്ഥിതിക്ക് പരിഹാരം കാണുകയും 4 ശതമാനം വച്ച് നികുതി അടച്ചാൽ മതിയെന്ന പ്രൊവിഷന് മുൻകാല പ്രാബല്യം നൽകുകയും ചെയ്യണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ധനകാര്യബിൽ തികച്ചും അശാസ്ത്രീയമാണ്. 2009-2010-ൽ സാധനങ്ങൾക്ക് അഭൂതപൂർവ്വമായ വിലവർദ്ധനവുണ്ടായിട്ടും പ്രതീക്ഷിച്ച വർദ്ധനവ് നികുതി വരുമാനത്തിലുണ്ടാകാത്ത സാഹചര്യത്തിൽ ഈ വർഷം 25 ശതമാനം വർദ്ധനവ് എങ്ങനെയുണ്ടാകുമെന്ന് സർക്കാർ വ്യക്തമാക്കണം. നികുതി ചോർച്ച

പൂർണ്ണമായിട്ട് തടയാൻ കഴിഞ്ഞിട്ടില്ല. കണക്കിൽപ്പെടാത്ത വിറ്റുവരവ് തുക സ്റ്റോക്കായി കാണിക്കുന്നത് വെരിഫൈ ചെയ്യാനുള്ള സംവിധാനമില്ലാത്തതു കൊണ്ട് നികുതി അടയ്ക്കാതെ വ്യാപാരികൾ രക്ഷപ്പെടുന്ന സ്ഥിതിക്ക് പരിഹാരം കാണണം. വാറ്റ് നിയമത്തിൽ തുടരുന്ന അപാകതകളും അവ്യക്തതകളും പരിഹരിക്കണം. സ്വർണ്ണവ്യാപാരികൾക്ക് ഏർപ്പെടുത്തിയിരുന്ന അശാസ്ത്രീയമായ കോമ്പൗണ്ടിംഗ് ടാക്സ് മൂലം സംസ്ഥാനത്തിന് നികുതിയിനത്തിൽ കിട്ടേണ്ട വരുമാനത്തിന്റെ 20 ശതമാനം മാത്രമാണ് ലഭ്യമാകുന്നതെന്നത് കണക്കിലെടുത്ത് നിലവിലുള്ള സ്വർണ്ണവില വർദ്ധനവു കൂടി പരിഗണനയക്കെടുത്ത് കോമ്പൗണ്ടിംഗ് രീതി പരിഷ്ക്കരിക്കണം. കേരളത്തിൽ ഇന്ന് നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും സുഗമമായി നടക്കുന്നത് കേന്ദ്ര സർക്കാർ അനുവദിക്കുന്ന സാമ്പത്തിക സഹായത്തിലൂടെയാണ്. ഇത്തരം അനുകൂല സാഹചര്യങ്ങൾ ഉണ്ടായതുകൊണ്ടു മാത്രമാണ് റവന്യു വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. സംസ്ഥാന ജീവനക്കാരുടെ ശമ്പളവർദ്ധനവും കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിൽ നടപ്പാക്കുന്നതും അടക്കം ഒരുപാട് കാര്യങ്ങൾ മാറ്റിവച്ച് ചെലവ് കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. 2006-07 മുതൽ 2009-2010 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് തൊഴിലില്ലായ്മ വർദ്ധിച്ചെങ്കിലും തൊഴിൽ നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് എല്ലാ രംഗത്തും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നു എന്ന് പ്രചരിപ്പിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് കുടുംബശ്രീയ്ക്കുള്ള വിഹിതം 76 കോടി രൂപയായിരുന്നുവെങ്കിൽ ഈ സർക്കാർ അത് 25 കോടി രൂപയാക്കി കുറച്ചു. വികസനരംഗത്ത്

കാര്യമായി ഒരു പ്രവർത്തനവും നടത്തിയില്ല. എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം.

ശ്രീ. കെ. സി. ജോസഫ് : വിയോജിപ്പ് രേഖപ്പെടുത്തുന്നു. നാഷണൽ ഡെവലപ്മെന്റ് കൗൺസിൽ യോഗത്തിൽ പെട്രോളിന്റെ റീട്ടെയിൽ വിലയുടെ 51 ശതമാനവും ഡീസൽ വിലയുടെ 31 ശതമാനവും സെൻട്രൽ ടാക്സാണെന്ന പ്രസ്താവനയുടെ നിജസ്ഥിതി വ്യക്തമാക്കണം. പെട്രോളിന്റേയും ഡീസലിന്റേയും വിലവർദ്ധനവിലൂടെ സംസ്ഥാനത്തിന് 251 കോടി രൂപയുടെ അധിക വരുമാനം ലഭ്യമായിട്ടും വിലവർദ്ധനവിന്റെ പേരിൽ രണ്ട് ഹർത്താലുകൾ നടത്തിയതിലൂടെ ഇടതുപക്ഷ കക്ഷികളുടെ ഇരട്ടത്താപ്പുനയമാണ് വ്യക്തമാകുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവിലൂടെ സംസ്ഥാന ഗവൺമെന്റിന് ഈ സാമ്പത്തികവർഷം ലഭിച്ച അധിക നികുതിവരുമാനത്തെ സംബന്ധിച്ച് വ്യക്തമാക്കാൻ തയ്യാറാകണം.

ശ്രീ. സാജു പോൾ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ധനകാര്യബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നികുതി നിർണ്ണയ സമ്പ്രദായം പരിഷ്ക്കരിക്കാനും വാളയാർ ചെക്ക്പോസ്റ്റിലും മറ്റ് എട്ട് സാറ്റലൈറ്റ് ചെക്ക്പോസ്റ്റുകളിലും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താനും ചെക്ക്പോസ്റ്റുകളെ അഴിമതി വിമുക്തമാക്കാനും സോഷ്യൽ ആഡിറ്റ് നടത്താനും കഴിഞ്ഞു. 2009-10-ൽ നികുതി വരുമാനം 12733 കോടി രൂപയായും നികുതിപിരിവ് 104 ശതമാനമായും വർദ്ധിച്ചു. എല്ലാ വ്യാപാരികളുടേയും വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമാക്കികൊണ്ട് മൂല്യവർദ്ധിത നികുതി നിർണ്ണയിക്കുന്നതിൽ ഉണ്ടായിരുന്ന കബളിപ്പിക്കൽ

ഒഴിവാക്കാനും നികുതി പെരുപ്പിച്ച് കാണിച്ച് റിട്ടേൺ സമർപ്പിക്കുന്ന പ്രശ്നം പരിഹരിക്കാനും സാധിച്ചിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ സൂചിപ്പിച്ചതിനേക്കാൾ 467 കോടി രൂപയുടെ അധിക നികുതിവരുമാനം സമാഹരിച്ചു. പെട്രോളിയം ഉല്പന്നങ്ങളിൽനിന്ന് മുൻ വർഷത്തേതിനേക്കാൾ 425 കോടി രൂപയും വിദേശ മദ്യത്തിൽനിന്ന് 661 കോടി രൂപയും അധിക നികുതി വരുമാനം ലഭിച്ചു. സ്വർണ്ണവ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തിയതിലൂടെ 15 ശതമാനം കൂടുതൽ തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇ-ഡിക്ലറേഷൻ അടക്കമുള്ള കാര്യങ്ങൾ നികുതിവകുപ്പിൽ നടപ്പിലാക്കികൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ജി.എസ്.ടി. നിർണ്ണയത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിലവിലുള്ള എംപവേർഡ് കമ്മിറ്റിക്കുപകരം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി നേതൃത്വം നൽകുന്ന ഒരു കൗൺസിൽ വരുന്നതോടെ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാർ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ തീരുമാനിക്കുന്ന കാര്യങ്ങൾക്ക് മാറ്റം വരുത്താൻ കേന്ദ്ര മന്ത്രിക്ക് പ്രത്യേക വീറ്റോ അധികാരം നൽകുന്ന രീതിയാണ് സംജാതമാകാൻ പോകുന്നത്. ചരിത്രത്തിലാദ്യമായി വാർഷിക പദ്ധതി 10025 കോടി രൂപയിലെത്തുന്ന സാഹചര്യമുണ്ടായി. കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ബ്രാഞ്ചുകളുടെയും ചിറ്റാളന്മാരുടെയും എണ്ണവും ടേണോവറും വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. കെ.എഫ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുകയും നോൺ പെർഫോമിംഗ് അസ്സറ്റ് 6.5 ശതമാനമായി കുറയ്ക്കുന്നതിനും പലിശ ഏഴ് മുതൽ എട്ടര ശതമാനം വരെയാക്കി മാറ്റുന്നതിനും വായ്പ വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. 625 കോടി രൂപയുടെ ലോട്ടറി വിൽപനയുണ്ടാകുകയും ലാഭം 144

കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സസ് (ഗിഫ്റ്റ്)-ന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഓൺലൈൻ പരിശീലനം നൽകിക്കൊണ്ട് നികുതി വകുപ്പിൽ മാറ്റങ്ങൾ വരുത്തുന്നതിനും സാധിച്ചു. സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി നിർവ്വഹണം നടത്തുന്നതിന് എക്സിക്യൂട്ടീവിന്റെ ഭാഗമായുള്ള ഉദ്യോഗസ്ഥ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും സർവ്വീസിൽ നിന്നും പിരിഞ്ഞുപോയ സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പെൻഷനും മറ്റാനുകൂല്യങ്ങളും യഥാസമയം നൽകുന്നതിനും സാധിച്ചു. ശമ്പള പരിഷ്ക്കരണത്തിന്റെ ബാധ്യത സർക്കാർ ഏറ്റെടുത്തു. 24000 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഒരു ലക്ഷത്തിലേറേപ്പേരെ പി.എസ്.സി. വഴി നിയമിക്കുകയും സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഭവനവായ്പാ പദ്ധതി, അപകട ഇൻഷ്വറൻസ്, പ്രസവ അവധി വർദ്ധിപ്പിക്കൽ, താഴ്ന്ന വിഭാഗം ജീവനക്കാർക്കുള്ള ശമ്പള വർദ്ധനവ് തുടങ്ങി നിരവധി ആനുകൂല്യങ്ങൾ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകുന്നതോടൊപ്പം പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായവും നൽകി. ഭരണപരിഷ്ക്കാര നടപടികൾക്കുവേണ്ടി സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിലവിൽ വന്നു. സ്റ്റേറ്റ് സിവിൽ സർവ്വീസ് ആരംഭിക്കാനുള്ള തടസ്സങ്ങൾ അതിജീവിക്കണം. വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമ ബോർഡുകൾ, സമാന സ്വഭാവമുള്ള സ്വയംഭരണ സ്ഥാപനങ്ങൾ ഇവയുടെ പുനർവിന്യാസം നടപ്പാക്കണം.

ശ്രീ. പി.സി. വിഷ്ണുനാഥ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ധനകാര്യബില്‍ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഹാൻഡ് മെയ്ഡ് സോപ്പിന് 2008-09 സാമ്പത്തിക വർഷത്തില്‍ ഏർപ്പെടുത്തിയിരുന്ന വാറ്റ് ഈ വർഷം ഒഴിവാക്കിയ നടപടിയെ സ്വാഗതം ചെയ്യുകയാണ്; അതിന് 2008-09 മുതല്‍ മുൻകാല പ്രാബല്യം നല്‍കണം. ട്രാക്ടർ, ആംബുലൻസ്, വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ക്കുള്ള ബസ് എന്നിവയ്ക്ക് നികുതി ഇളവ് കൊടുക്കുന്ന കാര്യം പരിഗണിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : പഞ്ചായത്തുകള്‍ പിരിക്കുന്ന നികുതികളുടെമേല്‍ സർച്ചാർജ്ജ് ചുമത്താനുള്ള അവരുടെ അവകാശം, മാൻഡേറ്ററിയായി സംസ്ഥാന സർക്കാർ സർച്ചാർജ്ജ് ഈടാക്കി തദ്ദേശഭരണ സ്ഥാപനങ്ങള്‍ക്ക് നല്‍കല്‍ എന്നിവയാണ് പഞ്ചായത്തീരാജ് നിയമത്തില്‍ പറയുന്ന രണ്ട് കാര്യങ്ങള്‍. ഇപ്പോള്‍ സംസ്ഥാന സർക്കാർ പിരിക്കുന്ന സർച്ചാർജ്ജ് പഞ്ചായത്തുകള്‍ക്ക് കൊടുക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങള്‍ക്ക് എന്തെല്ലാം വിഭവങ്ങള്‍ നല്‍കണമെന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നത് ധനകാര്യ കമ്മിഷനാണ്. തദ്ദേശഭരണ സ്ഥാപന ങ്ങള്‍ക്ക് പ്രത്യേകം പ്രത്യേകം ഗ്രാന്റുകള്‍ കൊടുക്കാതെ എല്ലാംകൂടി ചേർത്ത് ഒരു നിശ്ചിത ശതമാനം കൊടുത്താല്‍ മതിയെന്ന ധനകാര്യ കമ്മിഷ നുകളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തില്‍ സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ചാലും അതിന്റെ ആനുകൂല്യം പഞ്ചായത്തുകള്‍ക്ക് കൊടുക്കാൻ കഴിയില്ല. സ്റ്റാമ്പ് ഡ്യൂട്ടിയിന്മേലുള്ള സർച്ചാർജ്ജ് ഒഴിവാക്കിയതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങള്‍ക്ക് യാതൊരു നഷ്ടവും വരുന്നില്ല. സ്റ്റാംപ് ഡ്യൂട്ടിയും

രജിസ്ട്രേഷൻ ഫീസും ഭാവിയിൽ 5 ശതമാനമായി കുറയ്ക്കണമെന്നതാണ് കേന്ദ്ര സർക്കാരുമായുള്ള ധാരണ. അർബൻ ഗ്രാന്റുകൾ ലഭ്യമാക്കാൻ ഇത് വീണ്ടും കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. 1996-നു ശേഷം ഇപ്പോഴാണ് മുക്ത്യാറുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ നാമമാത്രമായ വർദ്ധനവ് വരുത്തിയിരിക്കുന്നത്. ചില വലിയ സ്ഥാപനങ്ങൾ സ്വന്തം ഉപയോഗത്തിനെന്ന പേരിൽ കൊണ്ടുവരുന്നതുകൊണ്ട് കൺസ്ട്രക്ഷൻ മെറ്റീരിയൽസിനും മറ്റും എൻട്രി ടാക്സ് ഈടാക്കാൻ കഴിയുന്നില്ല. കെട്ടിടം വിൽക്കാതെ ധാരണാപത്രം ഉണ്ടാക്കി താമസിക്കാൻ കൊടുക്കുന്നതുകൊണ്ട് രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയിൽ നിന്ന് ഇവർ ഒഴിവാകുകയും ചെയ്യുന്നു. താഴ്ന്ന നിരക്കെങ്കിലും ബാധകമാക്കി നികുതിയുടെ പരിധി യിൽ ഇത്തരക്കാരെ കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. അന്യ സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിയമലംഘനം നടത്തുന്നതു സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തീർപ്പാകാത്ത കെ.ജി.എസ്.ടി. കേസ്സുകളുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 'വാറ്റു'-മായി ബന്ധപ്പെട്ട കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ അപ്പീൽ കേൾക്കുന്നതിന് അസിസ്റ്റന്റ് കമ്മീഷണർമാരെകൂടി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹാൻഡ് മെയ്ഡ് സോപ്പിനു നൽകിയ നികുതി ഇളവിന് മുൻകാല പ്രാബല്യം നൽകുന്നതിനെക്കുറിച്ച് പരിശോധിക്കാം. ചെറുകിട കേബിൾ ഓപ്പറേറ്റർമാരെ സംരക്ഷിക്കുന്നതിനായി 7500 വരെ കണക്ഷനുള്ളവരെ നികുതിയിൽനിന്ന് ഒഴിവാക്കാനും ഡി.റ്റി.എച്ച്. സർവ്വീസ് പ്രൊവൈഡർമാർക്ക് രണ്ടുശതമാനം നികുതി ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. കേബിൾ ഓപ്പറേറ്റർമാരുടെ

ഇലക്ട്രിസിറ്റി താരിഫ് കുറയ്ക്കുന്നതിനെക്കുറിച്ച് പ്രത്യേകം പരിശോധിക്കുന്നതാണ്. വ്യാപാരികളിൽ നിന്ന് ഇൻഫ്ളേറ്റഡ് നികുതി വാങ്ങുന്നു എന്ന ആക്ഷേപം ശരിയല്ല. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നിലവിൽ സെൽഫ് അസസ്മെന്റ് രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നത്. തന്മൂലം നിരവധി വ്യാപാരികൾ സർക്കാരിൽ നിന്ന് നികുതി അങ്ങോട്ട് വാങ്ങിക്കുകയാണ് ചെയ്യുന്നത്. വാറ്റ് നികുതി പ്രകാരം ചരക്ക് വാങ്ങുമ്പോൾ, വ്യാപാരികൾ കൊടുക്കേണ്ട ടാക്സ് കിഴിച്ച് ബാക്കി മാത്രം സർക്കാരിൽ അടച്ചാൽ മതി. അത്തരത്തിൽ സെൽഫ് അസസ്മെന്റ് നടത്തിയപ്പോൾ 382 കോടി രൂപയുടെ എക്സസ് ഇൻപുട്ട് ടാക്സാണ് വന്നത്. ശാസ്ത്രീയമായി നികുതി പിരിവ് നടത്താനും വെട്ടിപ്പ് കണ്ടുപിടിക്കാനും വേണ്ടിയുള്ള ഒരു ക്രാഷ് ട്രെയിനിംഗ് പ്രോഗ്രാം കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്. അതിന്റെ ഫലമായി രണ്ട് മാസത്തിനുള്ളിൽ മുഴുവൻ കണക്കുകളും റിട്ടേണുകളും സ്ക്രൂട്ടിനി ചെയ്യാൻ സാധിക്കുന്നതാണ്. ഇത് സർക്കാരിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സഹായിക്കും. ഏതാണ്ട് മൂവായിരത്തോളം കെ.ജി.എസ്.റ്റി. അസസ്മെന്റ് കേസുകൾ പെന്റിംഗുള്ളത് ഈ വർഷം തന്നെ തീർപ്പാക്കുന്നതാണ്. സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ നിന്ന് പോയി പഠിക്കുന്നവരുടെ താമസച്ചെലവിനുള്ള കോർപ്പസ് ഫണ്ടായിട്ടാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളത്. കൊച്ചി പോർട്ടിൽനിന്നും ചരക്കുകൾ കൊണ്ടുപോകുന്നതിന് ഇന്റേണൽ ചെക്ക് പോസ്റ്റുകളായിട്ടാണ് കറുകുറ്റി, കോട്ടപ്പുറം ചെക്ക് പോസ്റ്റുകൾ പ്രവർത്തിച്ചുകൊണ്ടിരുന്നത്. ട്രാഫിക്ക് ബ്ലോക്ക് മൂലം ഈ ചെക്ക്പോസ്റ്റുകൾ ഫലപ്രദ

മായി പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാലും കൊച്ചിൻ പോർട്ടിൽ ചെക്ക്പോസ്റ്റ് സ്ഥാപിക്കാൻ സമ്മതം ലഭിക്കാത്ത സാഹചര്യവും കൂടി കണക്കിലെടുത്ത് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയതോടെ പ്രത്യേക ഇന്റേണൽ ചെക്ക്പോസ്റ്റുകളുടെ ആവശ്യമില്ല എന്ന ഡിപ്പാർട്ടുമെന്റിന്റെ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് കറുകുറ്റി, കോട്ടപ്പുറം ചെക്ക്പോസ്റ്റുകൾ നിറുത്തലാക്കിയത്. ജി.എസ്.റ്റി.യിലേയ്ക്കുള്ള മാറ്റം നേട്ടമായിരിക്കുമെന്നതിനാൽ ജി.എസ്.റ്റി.യെ സ്വാഗതം ചെയ്യുകയാണ്. ഇതുമായി ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതിക്കുവേണ്ടി ഉണ്ടാക്കിയ യൂണിയൻ ഫിനാൻസ് മിനിസ്റ്റേഴ്സ് കൗൺസിൽ എന്നതിന്റെ പേര് സംസ്ഥാനങ്ങളുടെ സമ്മർദ്ദം മൂലം ജി.എസ്.റ്റി. കൗൺസിൽ എന്നാക്കി മാറ്റിയെങ്കിലും കൗൺസിലിന്റെ തീരുമാനത്തിനപ്പുറം അതിന്റെ ചെയർമാനായ യൂണിയൻ ഫിനാൻസ് മിനിസ്റ്ററുടെ സമ്മതത്തിനാണ് കൂടുതൽ പ്രസക്തി. ആയതിനാൽ ⅔ സംസ്ഥാനങ്ങൾ സംയുക്തമായി തീരുമാനിച്ചു കഴിഞ്ഞാൽ ആ തീരുമാനം കേന്ദ്രം അംഗീകരിക്കണമെന്ന വിഷയം സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്തതിനുശേഷം കേരളത്തിന്റെ തീരുമാനം അറിയിക്കുന്നതാണ്. കമ്പനികളുടെ നഷ്ടം നികത്തുന്നതിനുവേണ്ടിയാണ് ഇപ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതെന്നാണ് കേന്ദ്രത്തിന്റെ വാദഗതി. എന്നാൽ കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ സർക്കാരിന്റെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് പെട്രോളിയ ംഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചത് എന്നാണ് മനസ്സിലാകുന്നത്. കേന്ദ്രസർക്കാർ കഴിഞ്ഞ ബഡ്ജറ്റിലൂടെ പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ എക്സൈസ് ഡ്യൂട്ടിയും കസ്റ്റംസ് ഡ്യൂട്ടിയും ചുമത്തിയത്

പിൻവലിക്കണം. 2007-08-ൽ ഡീസൽ നികുതി 24.69 രൂപയിൽനിന്നും 22.49 രൂപയായും പെട്രോൾ നികുതി 29.1-ൽനിന്നും 26.3 രൂപയായും കേരളം കുറച്ചു. എന്നാൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പെട്രോളിനും ഡീസലിനും വില കുറച്ചില്ല. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞ നികുതികൾ വർദ്ധിപ്പിച്ചിരുന്നെങ്കിൽ ഈ വർഷം 1500 കോടി രൂപ നികുതിയിനത്തിൽ കിട്ടുമായിരുന്നു. ജി.എസ്. ടി. തുടങ്ങുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ തർക്കമുണ്ടായിരുന്നു. വാറ്റ് ഒരു ശതമാനം കൂട്ടണം, അങ്ങനെ സി. എസ്.ടി. കുറച്ച് നഷ്ടം നികത്തണമെന്നായിരുന്നു കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്. ഇത് ചില സംസ്ഥാനങ്ങൾ നടപ്പിലാക്കി. കേരളത്തിലെ നികുതിഘടനയിൽ അഴിച്ചുപണി നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. തുണികൾക്ക് നികുതി കൂട്ടുകയില്ല എന്ന തീരുമാനമെടുത്ത ഗവൺമെന്റാണിത്. ജി. എസ്. ടി.-യിൽനിന്നും സ്റ്റാമ്പ് ഡ്യൂട്ടി മാറ്റിവയ്ക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ലോട്ടറി റെഗുലേഷൻ സംബന്ധിച്ച് ബില്ലിലെ 5-ാം ക്ലാസ്സിൽ കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഭേദഗതികൾ നിരാകരിച്ചു. .

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

110, 111, 115, 116, 123, 125, 126, 129, 132, 136, 137, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(147) In sub-clause (3), for item (ix) the following item shall be substituted, namely:-

"(ix) in serial number 48, for clauses (a) and (b), the following clauses shall be substituted, namely:-

| | |
|---|---|
| "(a) When such release operates in favour of father, mother, husband, wife, son, daughter, brother or sister of a person. | One rupee for every rupees 100 or part thereof of the amount or value of the property or claim or fair value of the land of which the right is relinquished in proportion to the right relinquished or conside-ration for the release, whichever is higher. |
| (b) in any other case | The same duty as conveyance (No.21 or 22, as the case may be) for such amount or value of the property or claim or fair value of the land of which the right is relinquished in proportion to the right relinquished or conside-ration for the release, whichever is higher". |

149, 151, 154, 155, 158, 160, 164, 167, 169, 173, 174, 175, 176, 180, 181, 182, 185, 186, 187, 191, 192, 195, 196, 200, 201, 204, 205, 210, 211, 214, 215, 217, 220, 222, 223, 224, 225, 226, 227, 228, 229, 230, 231, 233, 234, 235, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

155-ാം നമ്പർ ഭേദഗതി 25-നെതിരെ 64 വോട്ടുകളോടെ സഭ നിരാകരിച്ചു

<u>4-ാം വകുപ്പ്</u>

237, 241, 247, 251, 257, 260, 264, 269 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>5-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(279) In sub-clause (3),-

(a) in item (i), in serial number 3 (1), for them (q), the following items and entries shall respectively be substituted in columns (1), (2) and (3),

| | | | |
|---|---|---|---|
| “(q) ” | 15000 Kg. ” | 20000 Kg. | " 3080.00 + Rs. 110 for every 250 Kg. or part thereof in excess of 15000 Kg.” |
| (r) " | 20000 Kg. | | " 5280.00 + Rs. 220 for every 250 Kg. or part thereof in excess |

of 20000 Kg.”

(b) in item (ii), in serial number 4, for item (o), the following items and entries shall respectively be substituted in columns (1), (2) and (3),

| | | | |
|---|---|---|---|
| “(o) ” | 15000 Kg. ” | 20000 Kg. ” | 2310.00 + Rs. 110 for every 250 Kg. or part thereof in excess of 15000 Kg.” |
| (p) ” | 20000 Kg. | ” | 4510.00 + Rs. 220 for every 250 Kg. or part thereof in excess of 20000 Kg.” |

280, 281 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

(280) In the new proviso inserted after third proviso to sub-section (1) of section 3 of the Kerala Motor Vehicles Taxation Act, 1976 proposed to be inserted by sub-clause (1) (ii) of clause 5, the words “for 5 years” appeared in the fifth line shall be substituted with the words “for five years”.

ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 280-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

<u>6-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(282) In sub-clause (2) in item (b), for the words “five thousand”, the words “seven thousand and five hundred” shall be substituted.

283, 288, 289, 290, 294, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

7-ാം വകുപ്പ്

298, 299 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

8-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

In clause 8, in sub clause (21) in item (a), in sub item (ii) after the words ‘prayer beads’, the word ‘venthingas, kasuroopam (not made of gold) shall be inserted.

300, 301, 304, 306, 307, 312, 313, 314 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(103). In Clause I sub-clause (2)

(a) in item, (f), for the brackets, word and figure “clause (v)”, the word, brackets and figures “clause (iv)” shall be substituted;

(b) the existing item (g) shall be re-lettered as item (h) and before the item so re-lettered, the following item shall be inserted, namely:-

"(g) clause (ix) of sub-section (3) of section 3; item (r) in serial number 3 (i) of clause (i) and clause (ii) of sub-section (3) of section 5; clause (iii) of sub-section (2) of section 6; and section 9 shall come into force at once, and".

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2010-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള ധനകാര്യബിൽ പാസ്സാക്കണമെന്ന പ്രമേയം 27-നെതിരെ 71 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 3.10-ന് പിരിഞ്ഞു.

--------